കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ഐബി) വകുപ്പ്**

നം.71639/ഐബി1/2012/തസ്വഭവ

തിരുവനന്തപുരം
തിയതി, 11.03.2013.

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ സോഫ്റ്റ്‌വെയർ വികസനവും വിന്യാസവും - മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടറുടെ 03.12.2012 ലെ IKM/LoBE/CWG/02/ 5294/2012 നമ്പർ കത്ത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ സോഫ്റ്റ്‌വെയർ വികസനവും വിന്യാസവും സംബന്ധിച്ച് താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

i) ഇൻഫർമേഷൻ കേരള മിഷൻ ഇതിനോടകം വികസിപ്പിച്ചിട്ടുള്ളതും തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ വിന്യസിച്ചിട്ടുള്ളതുമായ സോഫ്റ്റ്‌വെയറുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഉപയോഗിക്കേണ്ടതാണ്.

ii) ഏതെങ്കിലും ആവശ്യത്തിനായി ഇതിനോടകം സോഫ്റ്റ്‌വെയർ വികസിപ്പിച്ച് വിന്യസിച്ചിട്ടുണ്ടെങ്കിൽ അതേ ആവശ്യത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വീണ്ടും സോഫ്റ്റ്‌വെയർ വികസിപ്പിക്കാൻ പാടില്ല.

iii) ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനം അവരുടെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്കുള്ള ഏതെങ്കിലും പ്രത്യേക ആവശ്യത്തിന് സോഫ്റ്റ്‌വെയർ വികസിപ്പിക്കാൻ തീരുമാനിക്കുകയാണെങ്കിൽ പ്രസ്തുത സോഫ്റ്റ്‌വെയർ വിന്യസിക്കുന്നതിന് മുമ്പ് അതിനുള്ള പ്രൊപ്പോസൽ

സൂക്ഷ്മപരിശോധനയ്ക്കും അഭിപ്രായത്തിനുമായി സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

iv) ഇത്തരത്തിൽ ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുകയാണെങ്കിൽ പ്രസ്തുത സോഫ്റ്റ്‌വെയറിന്റെ ആവശ്യകത, നടപ്പിലാക്കുന്നതിനുള്ള ചെലവ് എന്നിവ സംബന്ധിച്ച് വിവരസാങ്കേതിക വിദ്യാ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞശേഷം വിശദമായ പരിശോധന നടത്തി പ്രസ്തുത പ്രൊപ്പോസലിൻമേൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുയോജ്യമായ ഉപദേശം നൽകാവുന്നതാണ്.

ഡോ: രാജൻ കോബ്രഗഡേ
ഗവൺമെന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
വിവരസാങ്കേതിക വിദ്യാ വകുപ്പ്
ഡയറക്ടർ, ശുചിത്വമിഷൻ
പ്രോജക്ട് ഡയറക്ടർ, കെ.എസ്.യു.ഡി.പി.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ